(സി) കോഴിക്കോട് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ അന്വേഷിച്ചിരുന്നു.

(ഡി) ഡെപ്യൂട്ടി ഡയറക്ടറുടെ അന്വേഷണ റിപ്പോർട്ട് സർക്കാർ പരിശോധിച്ചുവരുന്നു.

തിരുവമ്പാടി ഗ്രാമപഞ്ചായത്തിലെ ബസ്റ്റാന്റ്-കം-ഷോപ്പിംഗ് കോംപ്ലക്സിന്റെ അറ്റകുറ്റപ്പണിയിലും ലേലത്തിലും നടന്ന അഴിമതി

125 (4560) ശ്രീ. സി. മോയിൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോഴിക്കോട് ജില്ലയിൽ തിരുവമ്പാടി ഗ്രാമപഞ്ചായത്ത് ഉടമസ്ഥതയിലുള്ള ബസ്റ്റാന്റ്-കം-ഷോപ്പിംഗ് കോംപ്ലക്സിന്റെ മുകളിലത്തെ നില എന്നാണ് വാടകയ്ക്ക് ലേലം ചെയ്ത് നൽകിയത് ;

(ബി) വാടകത്തുക എത്രയാണെന്ന് വിശദമാക്കാമോ ;

(സി) വാടകയ്ക്ക് ലേലം ചെയ്തുകൊടുത്തശേഷം പ്രസ്തുത കെട്ടിടത്തിന് എത്ര ലക്ഷം രൂപയുടെ അറ്റകുറ്റപ്പണി നടത്തി എന്ന് വ്യക്തമാക്കാമോ ;

(ഡി) പ്രസ്തുത അറ്റകുറ്റപ്പണി നടത്തിയതിലും ലേലം ചെയ്തതിലും അഴിമതി നടന്നിട്ടുണ്ടെന്നുള്ള ആരോപണത്തെക്കുറിച്ച് അന്വേഷിക്കുകയുണ്ടായോ ; വിശദീകരിക്കുമോ ;

(ഇ) കുറ്റക്കാർക്കെതിരെ അടിയന്തിരമായി ശിക്ഷാനടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) 1-5-2002 മുതൽ.

(ബി) 2002-2003-ൽ മാസവാടക 2,830 രൂപയും 2003-2004-ൽ 3,396 രൂപയുമാണ്.

(സി) 2,61,499 രൂപയുടെ അറ്റകുറ്റപ്പണികൾ.

(ഡി) കോഴിക്കോട് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ അന്വേഷണം നടത്തിയിരുന്നു.

(ഇ) അന്വേഷണ റിപ്പോർട്ട് സർക്കാർ പരിശോധിച്ചു വരികയാണ്.

തിരുവമ്പാടി പി.എച്ച്.സി.-ക്ക് വേണ്ടി സ്ഥലംവാങ്ങുന്നതിൽ അഴിമതി

126 (4561) ശ്രീ. സി. മോയിൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോഴിക്കോട് ജില്ലയിലെ തിരുവമ്പാടി ഗ്രാമപഞ്ചായത്തിലെ പ്രൈമറി ഹെൽത്ത് സെന്ററിന് (പി.എച്ച്.സി.) വേണ്ടി സറണ്ടർ ചെയ്ത ഭൂമി പഞ്ചായത്ത് ഏറ്റെടുക്കുകയുണ്ടായോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇല്ലെങ്കിൽ അതിനുള്ള കാരണം വ്യക്തമാക്കാമോ ;

(സി) സ്ഥലം സൗജന്യമായി നൽകാമെന്ന വ്യവസ്ഥയിൽ അനുവദിച്ചു കിട്ടിയ പി.എച്ച്.സി.-ക്ക് വേണ്ടി സ്ഥലം വിലയ്ക്കു വാങ്ങാൻ തീരുമാനിച്ചതിന് സർക്കാർ അനുമതി വാങ്ങിയിട്ടുണ്ടോ ;

(ഡി) പഞ്ചായത്ത് ഫണ്ട് ഉപയോഗിച്ച് പി.എച്ച്.സി.-ക്ക് വേണ്ടി സ്ഥലം വാങ്ങുന്നതിൽ അഴിമതി ഉണ്ടെന്ന ആരോപണത്തെക്കുറിച്ച് അന്വേഷിച്ചിട്ടുണ്ടോ ;

(ഇ) ഇല്ലെങ്കിൽ അന്വേഷിക്കാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഇല്ല.

(ബി) സറണ്ടർ ചെയ്ത സ്ഥലം വഖഫ് ബോർഡിന്റേതാണ്. പ്രസ്തുത സ്ഥലം നിലവിലുള്ള മദ്രസാ കമ്മിറ്റി പ്രസിഡണ്ടിന് വിട്ടുനൽകുവാൻ അധികാരം ഇല്ലാത്തതാണെന്ന ഗവൺമെന്റ് പ്ലീനറിൽനിന്നും ലഭിച്ച നിയമോപദേശത്തെ തുടർന്ന് വസ്തു ഏറ്റെടുക്കുകയുണ്ടായില്ല.

(സി) ഉണ്ട്.

(ഡി) ഉണ്ട്.

(ഇ) ബാധകമല്ല.

നഗരസഭകളിലും കോർപ്പറേഷനുകളിലുമുള്ള താൽക്കാലിക ജീവനക്കാർ

127 (4562) ശ്രീ. എം. എ. വാഹീദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് വിവിധ നഗരസഭകളിലും കോർപ്പറേഷനുകളിലുമായി എത്ര എൽ.ഡി.സി./ബിൽ കളക്ടർ അംഗീകൃത തസ്തികകളുണ്ട് ;

(ബി) നിലവിലുള്ള എൻ.ജെ.ഡി. ഒഴിവുകൾ നികത്തുവാൻ നടപടി സ്വീകരിക്കുമോ ;

(സി) സംസ്ഥാനത്തെ നഗരസഭകളിലും കോർപ്പറേഷനിലും കരാർ അടിസ്ഥാനത്തിലും ദിവസക്കൂലിയിലും, എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുവഴിയും ജോലി നോക്കുന്നവരുടെ എണ്ണം വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) 1053 അംഗീകൃത തസ്തികകൾ ഉണ്ട്.

(ബി) എൻ.ജെ.ഡി. ഒഴിവുകൾ 10-6-2003-ൽ പി.എസ്.സി-ക്ക് റിപ്പോർട്ടു ചെയ്തിട്ടുണ്ട്.

(സി) വിവരം ശേഖരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly